പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 504 — 06.03.2012-ൽ മറുപടിയ്ക്ക്

## കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ ശാരീരികക്ഷമത

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.ഗീതാ ഗോപി | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ ശാരീരികക്ഷമത സംബന്ധിച്ച് എന്തെങ്കിലും ഔദ്യോഗികപഠനങ്ങൾ സംസ്ഥാനത്ത് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) | കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ ശാരീരികക്ഷമത മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച സമ്പൂർണ്ണകായികക്ഷമതാ പദ്ധതി പ്രകാരം 2008-മുതൽ തുടർച്ചയായി 5-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സു വരെയുള്ള കുട്ടികളുടെ കായികക്ഷമതാ പരിശോധന നടത്തിയിട്ടുണ്ട്. ആകെ 16,28,943 വിദ്യാർത്ഥികളെ പരിശോധനയ്ക്ക് വിധേയരാക്കിയതിൽ 19.61% കുട്ടികൾക്ക് മാത്രമേ എല്ലാ പരിശോധനയിലും കുറഞ്ഞ അളവിലെങ്കിലും നിലവാരം പുലർത്തുവാൻ കഴിഞ്ഞുള്ളു. 2010-11 വർഷങ്ങളിൽ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളിൽ കായികക്ഷമതാ പരിശോധന നടത്തുകയുണ്ടായി. കേരളത്തിലെ 4583 സ്കൂളുകൾ ഇതിൽ പങ്കെടുക്കുകയുണ്ടായി. 2011-12 വർഷത്തിലെ ഒന്നാംഘട്ട പരിശോധനാ പരിപാടികൾ പൂർത്തിയായി. ഇതിൽ 4493 സ്കൂളുകൾ പങ്കെടുക്കുകയുണ്ടായി. കായികക്ഷമത കുറഞ്ഞ വിദ്യാർത്ഥികൾക്ക് അത് വർദ്ധിപ്പിക്കുന്നതിലേയ്ക്ക് കായികാദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ്സ് പ്രോഗ്രാം (ടി.പി.എഫ്.പി) എത്ര സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | 2008-09 -ൽ 4315 സ്കൂളുകളിലും, 2009-10 വർഷത്തിൽ 6110 സ്കൂളിലും, 2010-11 വർഷത്തിൽ 4583 സ്കൂളുകളിലും, 2011-12 വർഷത്തിൽ 4493 സ്കൂളുകളിലും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ്സ് പ്രോഗ്രാം (ടി.പി.എഫ്.പി) നടപ്പാക്കിയിട്ടുണ്ട്. |
| (സി) | കുട്ടികളുടെ ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സ്പോർട്സ് കൗൺസിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | ഇതിനായി നിലവിലുള്ള സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി, ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി എന്നിവ തുടർന്നും നടപ്പാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ.